**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 131** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഗുണ്ടാ ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗുണ്ടാ ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ; ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ നിരീക്ഷിക്കുന്നതിന് പോലീസിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ പൊതു സമാധാന പരിപാലനത്തിന് അപകടകരമാകുന്ന ഏതെങ്കിലും നിയമ വിരുദ്ധ പ്രവൃത്തികൾ പ്രോത്സാഹിപ്പിക്കുയോ ചെയ്യുന്ന ആളുകൾക്കെതിരെയും കൂടാതെ വ്യാജ വാറ്റുകാർ, കള്ളനോട്ട് നിർമ്മാതാക്കൾ, പാരിസ്ഥിതിക വിദ്ധ്വംസകർ, ഡിജിറ്റൽ ഡാറ്റയും പകർപ്പവകാശവും അപഹർത്താവ്, മയക്കമരുന്ന് കുറ്റവാളി, ഹവാല തട്ടിപ്പുകാരൻ, അസാന്മാർഗ്ഗിക കുറ്റവാളി, കൊള്ളപ്പലിശക്കാരൻ (മണി ചെയിൻ കുറ്റക്കാരൻ), വസ്തു കയ്യേറ്റക്കാരൻ എന്നീ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കേരള ആന്റി സോഷ്യൽ ആക്റ്റിവിറ്റീസ് (Prevention Act-ൽ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് ഗുണ്ടാലിസ്റ്റ് തയ്യാറാക്കുന്നത്.<br><br>ഗുണ്ടാലിസ്റ്റിൽ ഉൾപ്പെട്ടവരെ നിരീക്ഷിക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും SHO-യുടെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുള്ളതും, ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ ഗുണ്ടകളെ നിരീക്ഷിക്കുന്നതിനും അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഒരു പ്രത്യേക സെൽ (കാപ്പ സെൽ) പ്രവർത്തിച്ചു വരുന്നതുമാണ്. സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച്, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് എന്നിവ മുഖേന ഗുണ്ടകളെ രഹസ്യമായി നിരീക്ഷിച്ചു വരുന്നതും കുറ്റകൃത്യത്തിൽ ഏർപ്പെടാൻ |

| | | | |
|---|---|---|---|
| | | | സാധ്യതയുണ്ടെന്ന് കണ്ടാൽ കരുതൽ നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) | ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്തി നാടുകടത്തിയവർ തിരികെയെത്തി അതിക്രമങ്ങളിൽ ഏർപ്പെട്ടത് സംബന്ധിച്ച് എത്ര കേസുകൾ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 97 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെട്ടവരെ നിരീക്ഷിക്കുന്നതിലും നിയന്ത്രിക്കുന്നതിലും വീഴ്ച വരുത്തിയതിന്റെ പേരിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ശക്തമായ നടപടി ഉൾപ്പെടെ സ്വീകരിച്ചിട്ടുണ്ട്. ഇക്കാരണത്താൽ നടപടി സ്വീകരിച്ച ഉദ്യോഗസ്ഥരുടെ ക്രോഡീകരിച്ച വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ